## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1721 16-06-2014-ൽ മറുപടിക്ക്

### മദ്യനിരോധനം സംബന്ധിച്ച നയം

| ചോദ്യം: | ഉത്തരം: |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹിം: | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) മദ്യനിരോധനം സംബന്ധിച്ച നയം വ്യക്തമാക്കാമോ; | (എ) മദ്യത്തിൽ നിന്നുള്ള വരുമാനം ഒരു മുഖ്യ വരുമാന സ്രോതസായി കാണാതെ, ബോധവൽക്കരണ പ്രവർത്തനങ്ങളിലൂന്നിയുള്ള മദ്യവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതാണ് സർക്കാരിന്റെ നയം. |
| (ബി) മദ്യവ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ മദ്യപാനശീലത്തെ നിയന്ത്രിക്കുന്നതോടൊപ്പം മദ്യവ്യാപനം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്നതിൽ കർശന നിയന്ത്രണമേർപ്പെടുത്തി. പുതിയതായി എഫ്.എൽ.1 ഷോപ്പുകൾ അനുവദിക്കേണ്ടെന്നും, ഒരാൾക്ക് കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി പരിമിതപ്പെടുത്തിയതും, ബാർ ഹോട്ടലുകളുടെ പ്രവർത്തി സമയം വെട്ടിക്കുറച്ചതും, മദ്യത്തിന്റെ അമിത വ്യാപനം തടയുക എന്ന ലക്ഷ്യത്തോടെയാണ്. മദ്യത്തിന്റെ ലഭ്യത കുറച്ച് സംസ്ഥാനത്ത് "ലഹരി വിമുക്ത കേരളം" എന്ന ലക്ഷ്യം കൈവരിക്കുകയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ആഫീസർ